**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം -ശ്രീ. പി. കെ. മോഹനൻ, സെക്രട്ടറി, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്, കണ്ണൂർ- ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

# തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ)നം. 3438/12/തസ്വഭവ തീയതി, തിരുവനന്തപുരം, 12/12/2012

പരാമർശം:- 1) സ.ഉ(സാധാ)നം. 1619/12/തസ്വഭവ തീയതി 14/06/2012.
2) ശ്രീ. പി. കെ. മോഹനന്റെ 06/07/2012-ലെ റിവ്യൂ ഹർജി.
3) കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16/07/2012, 20/10/2012 എന്നീ തീയതികളിലെ എ3-3299/11 നമ്പർ കത്തുകൾ.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. പി. കെ. മോഹനന് 28/04/2011 മുതൽ 31/05/2011 വരെയും 01/06/2011 മുതൽ 16/08/2011 വരെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. തുടർന്നും ചികിത്സാവശ്യത്തിനായി ടിയാൻ അവധി ആവശ്യപ്പെട്ടതിൻ പ്രകാരം നേരത്തെ അവധി അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്ത് 28/04/2011 മുതൽ 02/12/2011 വരെ മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതന അവധി അനുവദിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും 14/06/1994-ലെ സർക്കുലർ നമ്പർ 36/94/ധന.-യിൽ നിഷ്കർഷിക്കുന്ന വിധത്തിൽ അവധി അപേക്ഷ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അവധി അനുവദിയ്ക്കുന്ന അധികാരിയായ സർക്കാരിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും, രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടമായതിനാലും ശ്രീ. പി.കെ. മോഹനൻ, മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയ്ക്ക് അർഹനല്ലാത്തതിനാൽ, ടിയാന്റെ 28/04/2011 മുതൽ 02/12/2011 വരെയുള്ള കാലയളവ്, ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി തുടങ്ങിയവയ്ക്ക് കണക്കാക്കുകയില്ലെന്ന വ്യവസ്ഥക്ക് വിധേയമായി മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അല്ലാത്ത ശൂന്യവേതനാവധിയായി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

ഈ ഉത്തരവിനെതിരെ പരാമർശം (2) പ്രകാരം ശ്രീ. പി. കെ. മോഹനൻ റിവ്യൂ ഹർജി സമർപ്പിക്കുകയുണ്ടായി. ഹർജിയിന്മേൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ശ്രീ. പി. കെ. മോഹനൻ 28/04/2011 മുതൽ 02/12/2011 വരെയുള്ള കാലയളവിലെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിരുന്നതായും, ആയത് ടിയാന്റെ അപേക്ഷയോടൊപ്പം പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നതായും കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി

ഡയറക്ടറുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശ പ്രകാരം ടിയാൻ രണ്ടാം വൈദ്യ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ടെന്നും ആയതിനാൽ ശ്രീ.പി.കെ. മോഹനന്റെ പരാമർശം (2) ലെ ഹർജിയിന്മേൽ അനുകൂല നടപടി സ്വീകരിക്കണമെന്നും കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് 06/07/2011-ലെ മെഡിക്കൽ ബോർഡിന്റെ രണ്ടാം വൈദ്യപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ശ്രീ.പി.കെ. മോഹനന്റെ 28/04/2011 മുതൽ 02/12/2011 വരെയുള്ള കാലയളവ് ചട്ടം 88, I KSR പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലുള്ള ശൂന്യവേതനാവധിയായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി കാലയളവ് ആർജ്ജിതാവധി ഒഴികെയുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും കണക്കാക്കുന്നതാണ്.

മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലുള്ള ശൂന്യവേതനാവധി അനുവദിച്ചത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ശ്രീ. പി. കെ. മോഹനന്റെ സേവനപുസ്തകത്തിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ. പി. ശ്രീകുമാർ,**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. പി. കെ. മോഹനൻ, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്,
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം/തൃശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (സേവനപുസ്തകം -2 വാല്യം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (20/11/2012-ലെ 95191/റൂൾസ്-ബി2/12/ധനകാര്യ (റൂൾസ്-ബി ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

*Web & New Media, South Block, Govt. Secretariat, Tvpm.*
*(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*